ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM **DATE: 30.08.2025**

പ്രധാനവാർത്തകൾ

1) ജപ്പാൻ സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ചൈനയിലെത്തി; നാളെ ആരംഭിക്കുന്ന 25-ാമത് ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

2) വികസിത ഭാരത നിർമിതിയിൽ എല്ലാവരെയും ഉൾച്ചേർത്ത് മുന്നേറുകയാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര സഹമന്ത്രി സുകാന്ത മജുംദാർ.

3) 71-ാമത് നെഹ്റു ട്രോഫി വള്ളംകളിയിൽ വീയപുരം ജേതാക്കൾ. പുന്നമട ബോട്ട് ക്ലബിൻ്റെ നടുഭാഗം ചുണ്ടന് രണ്ടാം സ്ഥാനം.

4) ആനക്കാംപൊയിൽ – മേപ്പാടി തുരങ്കപാത നിർമാണ പ്രവൃത്തികൾക്ക് നാളെ തുടക്കമാകും; ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

5) വിപുലമായ ഓണം വാരാഘോഷത്തിനു തയ്യാറെടുത്ത് തലസ്ഥാനം; നഗര ഗ്രാമീണ മേഖലകളിൽ ഓണക്കാല വിപണികൾ സജീവം.

&&&&&&&&&&&&&&&&&&

RNU TVM

പ്രധാനമന്ത്രി - ചൈന

നാളെ ആരംഭിക്കുന്ന 25-ാമത് ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. ജപ്പാൻ സന്ദർശനം വിജയകരമായി പൂർത്തിയാക്കിയ പ്രധാനമന്ത്രി ചൈനയിലെ ടിയാൻജിനിൽ എത്തി. ഉച്ചകോടിയോട് അനുബന്ധിച്ച് നിരവധി ലോകനേതാക്കളുമായി പ്രാദേശിക സുരക്ഷ, കണക്റ്റിവിറ്റി, സുസ്ഥിര വികസനം, ആഗോള സഹകരണം തുടങ്ങിയ വിഷയങ്ങളിൽ ശ്രീ മോദി ചർച്ച നടത്തും. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഉൾപ്പെടെ 20 ലധികം ലോക നേതാക്കളും 10 അന്താരാഷ്ട്ര സംഘടനകളുടെ മേധാവിമാരും SCO ഉച്ചകോടിയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

ഗോയൽ ജിഡിപി (ഇൻട്രോ)

രാജ്യത്തെ മൊത്ത ആഭ്യന്തര ഉത്പാദനത്തിലെ വളർച്ചാ നിരക്കുകളെ സ്വാഗതം ചെയ്ത് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. പരിഷ്കാരങ്ങളും ശക്തമായ പ്രതിരോധശേഷിയും ഉപയോഗിച്ച് ആഗോള വളർച്ചയെ മുന്നോട്ട് നയിക്കുന്ന രാജ്യമാണ് ഇന്ത്യയെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ ആഭ്യന്തര വളർച്ച നിരക്ക് 7.8 ശതമാനമായാണ് ഉയർന്നത്. അതേസമയം, ടൂറിസം ഉൾപ്പെടെയുള്ള മേഖലകൾ രാജ്യത്തെ ജിഡിപി വളർച്ചയിൽ നിർണായക പങ്ക് വഹിക്കുന്നതായി കോൺഫെഡറേഷൻ ഓഫ് ടൂറിസം ഇൻഡസ്ട്രി ഇൻ കേരള, സെക്രട്ടറി എം ആർ നാരായണൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&

മൻ കീ ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ

RNU TVPM

പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 125-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും. പ്രാദേശിക ഭാഷകളിലും മൻ കി ബാത്ത് ലഭ്യമാകും

&&&&&&&&&&&&&&&&&&

ജോർജ്ജ് കുര്യൻ

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നാളെ കൊല്ലത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. തേവള്ളിയിൽ മൻ കി ബാത്ത് പ്രക്ഷേപണത്തോട് അനുബന്ധിച്ചുള്ള പരിപാടിയിൽ കേന്ദ്രസഹമന്ത്രി സംബന്ധിക്കും.

&&&&&&&&&&&&&&&&&&

ഡോ. സുകാന്ത മജുംദാർ

രാജ്യത്ത് ശാസ്ത്ര സാങ്കേതിക മേഖലകളിലടക്കം യുവ നൈപുണ്യ ശക്തി വികസിപ്പിക്കുന്നതിൽ എൻഐടി ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ മുഖ്യപങ്ക് വഹിക്കുന്നതായി കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി സുകാന്ത മജുംദാർ. കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 21-ാം ബിരുദ ദാന ചടങ്ങിനെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വികസിത ഭാരത നിർമിതിയിൽ എല്ലാവരെയും ഉൾച്ചേർത്ത് മുന്നോട്ടു പോകുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

നെഹ്റു ട്രോഫി (ഇൻട്രോ)

71 -മത് നെഹ്റു ട്രോഫി വള്ളംകളിയിൽ കൈനകരി വില്ലേജ് ബോട്ട് ക്ലബിന്റെ വീയപുരം ജേതാക്കളായി. പുന്നമട ബോട്ട് ക്ലബിന്റെ നടുഭാഗം ചുണ്ടൻ രണ്ടാം സ്ഥാനം കരസ്ഥമാക്കി. മൈക്രോ സെക്കന്റുകളുടെ വ്യത്യാസത്തിലായിരുന്നു ഫിനിഷിങ്. പള്ളാത്തുരുത്തി ബോട്ട് ക്ലബിന്റെ മേൽപ്പാടം ചുണ്ടനാണ് മൂന്നാം സ്ഥാനത്ത്.

PNUTVPM

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാപ്രതിനിധി ആർ രവി കുമാർ..... (വോയ്സ്)

&&&&&&&&&&&&&&&&&&

തുരങ്കപാത - മുഖ്യമന്ത്രി

കോഴിക്കോട് ,വയനാട് അതിർത്തിയിലെ ആനക്കാംപൊയിൽ – മേപ്പാടി തുരങ്കപാത നിർമാണ പ്രവൃത്തി ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവഹിക്കും. താമരശ്ശേരി ചുരത്തിനു ബദലായാണ് 8.73 കിലോമീറ്റർ നീളമുള്ള നാലുവരി തുരങ്കപാത നിർമിക്കുന്നത്. 2,134 കോടി രൂപ പദ്ധതി ചെലവിൽ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിനാണ് പദ്ധതിയുടെ നിർവഹണ ചുമതല.

&&&&&&&&&&&&&&&&&&

അമീബിക് മസ്തിഷ്ക ജ്വരം

സംസ്ഥാനത്ത്, അമീബിക്ക് മസ്തിഷ്ക ജ്വരത്തിനെതിരെ ജാഗ്രത കർശനമായി തുടരുന്നു. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജല സ്രോതസ്സുകൾ വൃത്തിയാക്കാനുള്ള ആരോഗ്യ വകുപ്പിൻറെ ജനകീയ ക്യാമ്പയിനിന് തുടക്കമായി. വീടുകളിലേയും സ്ഥാപനങ്ങളിലേയും കിണറുകളും ജലസംഭരണ ടാങ്കുകളും വൃത്തിയാക്കുന്ന പ്രവർത്തനങ്ങൾ നാളെയുമുണ്ടാകും.

&&&&&&&&&&&&&&&&&&

നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

&&&&&&&&&&&&&&&&&&

RNU TVPM

തിരുവനന്തപുരം മെഡിക്കൽ കോളേജ്

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ 180 ലധികം കോടി രൂപയുടെ 15 പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ തിങ്കളാഴ്ച ഉദ്ഘാടനം ചെയ്യും. വികസന പ്രവർത്തനങ്ങളിലൂടെ മെഡിക്കൽ കോളേജിൽ വലിയ മാറ്റം സാധ്യമാകുമെന്ന് മന്ത്രി വീണ ജോർജ് പറഞ്ഞു.

&&&&&&&&&&&&&&&&&&

റേഷൻകട - ഞായറാഴ്ച

സംസ്ഥാനത്തെ എല്ലാ റേഷൻ കടകളും നാളെ തുറന്നു പ്രവർത്തിക്കും. ഓഗസ്റ്റ് മാസത്തെ റേഷൻ വിതരണവും സ്പെഷ്യൽ അരിയുടെ വിതരണവും നാളെ പൂർത്തിയാകും. സ്റ്റോക്കെടുപ്പ് കണക്കിലെടുത്ത് തിങ്കളാഴ്ച റേഷൻകടകൾക്ക് അവധിയായിരിക്കും. ചൊവ്വാഴ്ച മുതൽ സെപ്റ്റംബർ മാസത്തെ റേഷൻ വിതരണം ആരംഭിക്കും. ഒന്നാം ഓണ ദിവസമായ സെപ്റ്റംബർ 4 നും റേഷൻകടകൾ തുറന്നു പ്രവർത്തിക്കുന്നതായിരിക്കും. ഓണക്കിറ്റ് വിതരണം സെപ്റ്റംബർ മാസവും തുടരുന്നതാണ്.

PNU TVPM

&&&&&&&&&&&&&&&&&&

ഓണം വാരാഘോഷം (ഇൻട്രോ)

സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ ഓണം വാരാഘോഷത്തിന് അടുത്ത മാസം 3 ന് തിരുവനന്തപുരത്ത് തുടക്കമാകും. സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ വൈകുന്നേരം 6 മണിക്ക് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നിർവഹിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....
(വോയ്സ്)

&&&&&&&&&&&&&&&&&&

സപ്ലൈകോ

ഓണം ജില്ലാ ഫെയറുകളിലൂടെ ഓഗസ്റ്റ് 25 മുതൽ 29 വരെ സപ്ലൈകോ നേടിയത് 73 കോടിയിലധികം രൂപയുടെ വിറ്റുവരവ്. സപ്ലൈകോ വില്പനശാലകളും ഓണച്ചന്തകളും നാളെയും ഉത്രാട ദിനമായ സെപ്റ്റംബർ 4നും തുറന്നു പ്രവർത്തിക്കും. ഓണവിപണിയിലെ തിരക്കും ഉപഭോക്താക്കളുടെ സൗകര്യവും കണക്കിലെടുത്താണ് ക്രമീകരണം.

&&&&&&&&&&&&&&&&&&

ശുചിത്വ പൂക്കളം

ഹരിത ഓണം എന്ന ആശയം മുൻനിർത്തി ശുചിത്വ മിഷൻ പൂക്കളം മത്സരം സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 1 മുതൽ 7 വരെ നടക്കുന്ന മത്സരത്തിൽ 'മാലിന്യമുക്തം നവകേരളം' എന്ന വിഷയത്തിലാണ് ശുചിത്വ പൂക്കളം നിർമ്മിക്കേണ്ടത്. പൂക്കളത്തിന്റെ വ്യക്തമായ ചിത്രം സഹിതം, onampookalam2025@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ സെപ്റ്റംബർ 7-നകം അയക്കണം.

RTU TVPM

&&&&&&&&&&&&&&&&&&

ശബരിമല

ഓണം പൂജകൾക്കായി ശബരിമല ക്ഷേത്ര നട സെപ്തംബർ മൂന്നിനു വൈകിട്ട് അഞ്ചിനു തുറക്കും. തിരുവോണ പൂജകൾ അഞ്ചിനു നടക്കും. അന്ന് ഓണസദ്യയും ഉണ്ടാകും. ഓണം പൂജകൾ പൂർത്തിയാക്കി ഏഴിനു രാത്രി 10 ന് നട അടയ്ക്കും.

&&&&&&&&&&&&&&&&&&

ഇ-സമൃദ്ധ ഉദ്ഘാടനം

സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോമായ ഇ-സമൃദ്ധയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജെ. ചിഞ്ചുറാണി പത്തനംതിട്ട അടൂരിൽ നിർവഹിച്ചു. ജില്ലയിലെ എല്ലാ വെറ്ററിനറി ആശുപത്രിയിലും ഡിജിറ്റൽ ഹെൽത്ത് മാനേജ്മെന്റ് സിസ്റ്റം പൂർണതോതിൽ സജ്ജമായതിന്റെ

പ്രഖ്യാപനവും മന്ത്രി നടത്തി. കർഷകർക്കുള്ള മൊബൈൽ ആപ്ലിക്കേഷൻ മന്ത്രി വീണാ ജോർജ് പുറത്തിറക്കി.

&&&&&&&&&&&&&&&&&&

സ്വർണ്ണവില

സ്വർണ്ണവിലയിൽ റെക്കോർഡ് വർധന. പവന് 1200 രൂപ കൂടി 76960 രൂപയും ഗ്രാമിന് 9620 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

മഴ

സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യത. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള തീരത്ത് ഇന്നും ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ തിങ്കളാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

RNU TVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&